8973

കേരള സർക്കാർ

സംഗ്രഹം

DIRECTOR OF PUBLIC INSTRUCTION * THIRUVANANTHAPURAM * OFFICE OF THE
28 JAN 2015

പൊതുവിദ്യാഭ്യാസ വകുപ്പ് - പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സർഗ്ഗോത്സവം പരിപാടിയിലെ വിജയികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

ജി.ഒ.(ആർ.റ്റി) നം.313/2015/പൊ.വി.വ. തീയതി, തിരുവനന്തപുരം, 20/01/2015

================================================================================

പരാമർശം : 1) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 28/11/2014 ലെ ഡി3 - 1080/13 . നമ്പർ കത്ത് .

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/12/2014 ലെ വൈ (1)/61389/2014/ഡിപിഐ. നമ്പർ കത്ത്.

## ഉത്തരവ്

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ പ്രത്യേക സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ കാരണം സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് മറ്റു വിദ്യാർത്ഥികളോട് മത്സരിച്ച് മുൻനിരയിൽ എത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീമെട്രിക് ഹോസ്റ്റലുകളിലുമുള്ള മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് നടത്തുന്ന പട്ടികവർഗ്ഗ വിഭാഗം കുട്ടികളുടെ കലോത്സവമായ സർഗ്ഗോത്സവം പരിപാടിയിൽ മുൻനിരയിൽ എത്തുന്ന കുട്ടികൾക്ക് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വിജയികളാകുന്ന കുട്ടികൾക്ക് നൽകുന്ന ഗ്രേസ് മാർക്കിന്റെ 50 ശതമാനം നിരക്കിലെങ്കിലും ഗ്രേസ് മാർക്ക് അനുവദിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സവിശേഷ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സർഗ്ഗോത്സവം പരിപാടിയിലെ വിജയികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രേസ് മാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) സർഗ്ഗോത്സവത്തിലെ സീനിയർ വിഭാഗം (8-ാംക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ) മത്സരങ്ങൾക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

2) ഏറ്റവും ഉയർന്ന ഒരു ഗ്രേഡ് മാത്രമേ ഗ്രേസ് മാർക്കിന് പരിഗണിക്കുകയുള്ളൂ .

3) സർഗ്ഗോത്സവത്തിലെ എ, ബി ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമെ ഗ്രേസ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

4) എ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥിക്ക് 12 മാർക്കും ബി ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥിക്ക് 10 മാർക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജി . തുളസീധരൻ പിള്ള
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാഭവൻ,തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക വകുപ്പ് (വ്യാപക പ്രചരണത്തിന്)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Sreedevi
സെക്ഷൻ ഓഫീസർ

R